**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4684** **13-03-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്ത വനം വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ വന്യജീവി ആക്രമണത്തിൽ 4 വനം വകുപ്പ് ഉദ്യോഗസ്ഥർ കൊല്ലപ്പെടുകയും 18 വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | അപകട സാധ്യതയേറിയ ദൗത്യങ്ങളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | അപകട സാധ്യതയേറിയ ദൗത്യങ്ങളിൽ ഏർപ്പെടുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഷീൽഡ്, ഹെൽമറ്റ്, അസ്കലൈറ്റ്, സെർച്ച് ലൈറ്റ്, പമ്പ് ആക്ഷൻ ഗൺ, എലിഫന്റ് റെപ്പല്ലർ, ജാക്കറ്റ്, പാമ്പ് പിടുത്ത ഉപകരണങ്ങൾ, ഗംബൂട്ട്, പ്രൊട്ടക്ഷൻ ഗ്ലാസ്, വാക്കിടോക്കി, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ ഉപയോഗിച്ചു വരുന്നു. കൂടാതെ എല്ലാ സർക്കാർ ജീവനക്കാർക്കും നിലവിൽ ലഭ്യമായിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷകൾക്ക് പുറമേ വനം വകുപ്പിലെ സംരക്ഷണ വിഭാഗത്തിലെ സ്ഥിരം, താൽക്കാലിക ജീവനക്കാർക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 5 ലക്ഷം രൂപയും, അപകടംമൂലം സ്ഥിരം അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ 2.5 ലക്ഷം രൂപയും, അപകടവുമായി ബന്ധപ്പെട്ട ചികിത്സാർത്ഥം പരമാവധി 50,000/- രൂപയും അനുവദിക്കുന്നതിന് വനം വകുപ്പിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് അറിയിക്കാമോ; വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് | (സി) | ജീവനക്കാർക്ക് മെച്ചപ്പെട്ട ആധുനിക സുരക്ഷാസംവിധാനങ്ങൾ ലഭ്യമാക്കുന്നതിനും അവ |

| | | | |
|---|---|---|---|
| | കൂടുതൽ കാര്യക്ഷമമായ സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | | ഫലപ്രദമായി ഉപയോഗിക്കുന്നതനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | സർക്കിൾ | ഡിവിഷൻ | തസ്തിക | എണ്ണം | റിമാർക്സ് |
|---|---|---|---|---|---|
| 1. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം. | റാന്നി | ഫോറസ്റ്റ് വാച്ചർ (SR) | 1 | കാട്ടാനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ടു |
| 2. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട്. | നെന്മാറ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 1 | അട്ട കടിച്ചതിന്റെ അലർജി മൂലം മരണപ്പെട്ടു |
| 3. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) പാലക്കാട്. | വയനാട് | ഫോറസ്റ്റ് വാച്ചർ (SR) | 2 | കാട്ടാനയുടെ ആക്രമണത്താൽ കൊല്ലപ്പെട്ടു |
| 4. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം | കോന്നി | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 3 | കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കുപറ്റി |
| | | | ഫോറസ്റ്റ് വാച്ചർ (SR) | 1 | കാട്ടാനയുടെ ആക്രമണത്തിൽ പരിക്കുപറ്റി |
| | | | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 1 | |
| 5. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഹൈറേഞ്ച് സർക്കിൾ), കോട്ടയം | മൂന്നാർ | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 1 | വന്യജീവി ആക്രമണത്തിൽ പരിക്ക പറ്റി |
| | | | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 1 | |
| | | മറയൂർ | ഫോറസ്റ്റ് വാച്ചർ | 2 | |
| 6. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ), തൃശ്ശൂർ | മലയാറ്റൂർ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 1 | വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റി |
| | | | ഫോറസ്റ്റ് വാച്ചർ | 1 | |
| 7. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട് | മണ്ണാർക്കാട് | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 1 | കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കുപറ്റി |
| 8. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർതേൺ സർക്കിൾ), കണ്ണൂർ | വയനാട് സൗത്ത് | റേഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 | രണ്ട് പ്രാവശ്യം കടുവ ആക്രമിച്ച് പരിക്കേൽപ്പിച്ചു |
| 9. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), കോട്ടയം | പെരിയാർ ഈസ്റ്റ് | ഫോറസ്റ്റ് വാച്ചർ | 2 | വന്യജീവി ആക്രമണത്തിൽ പരിക്കുപറ്റി |
| | | പെരിയാർ വെസ്റ്റ് | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 1 | |
| | | പെരിയാർ ഈസ്റ്റ് | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 1 | കാട്ടാനയുടെ ആക്രമണത്താൽ പരിക്ക പറ്റി |
| 10. | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട് | പറമ്പിക്കുളം | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 1 | കാട്ടാനയുടെ ആക്രമണത്താൽ പരിക്കുപറ്റി |

സെക്ഷൻ ഓഫീസർ